# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7296** **16.07.2012 ൽ മറുപടിക്ക്**

## റോഡുകളുടെ വികസനത്തിനും പരിപാലനത്തിനും കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. പി.എ. മാധവൻ : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) മരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ; | (എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിലുള്ള റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി പദ്ധതി ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തികളും പദ്ധതിയിതര ഫണ്ട് ഉപയോഗിച്ച് റോഡിന്റെ അറ്റകുറ്റപ്പണികളും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന റോഡ് വികസന പദ്ധതിയിൽ, സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മി. റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള ഒരു റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളിൽ നഗര റോഡ് വികസന പദ്ധതി താമസിയാതെ ആരംഭിക്കുന്നതാണ്. കൂടാതെ കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നീ അഞ്ചു നഗരങ്ങളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

ദേശീയ പാതകളുടെ പരിപാലനത്തിനുള്ള പദ്ധതികൾ കേന്ദ്ര മന്ത്രാലയം അംഗീകരിക്കുന്ന വാർഷിക പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത്. കേന്ദ്ര മന്ത്രാലയത്തിന്റെ ദേശീയപാതാ വികസന പദ്ധതി പ്രകാരം ദേശീയപാതകൾ BOT/DBFOT വ്യവസ്ഥകളിലും വികസിപ്പിച്ചു വരുന്നു.

കെ.എസ്.റ്റി.പി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽപ്പെടുത്തി തിരഞ്ഞെടുത്ത 367 കി.മി. ദൈർഘ്യമുള്ള 7 റോഡുകളും 1000 കി.മി. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത് ;

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ പദ്ധതി വിഹിതമായി 87 കോടി രൂപയും പദ്ധതിയിതര വിഹിതമായി 532 കോടിയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന റോഡു വികസന പദ്ധതിയിൽ ഏകദേശം 5100 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ ചെലവായി പ്രതീക്ഷിക്കുന്നത്. നഗര റോഡ് വികസന പദ്ധതികളുടെ അടങ്കൽ തുക ഇപ്പോൾ നടന്നു വരുന്ന വിശദമായ പഠനത്തിനു ശേഷമേ വ്യക്തമാകുകയുള്ളു.

നടപ്പു വർഷം സംസ്ഥാന ദേശീയപാതകളുടെ പരിപാലനത്തിനായി 353.4 കോടിയ്ക്കുള്ള വാർഷിക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.റ്റി.പി. രണ്ടാം ഘട്ടത്തിന് 2942 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (സി) ഈ തുക എങ്ങനെ കണ്ടെത്താനാണ് ആലോചിക്കുന്നത്; വിശദമാക്കുമോ ? | (സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിലുള്ള റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.<br><br>പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും, ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തുമാണ് സംസ്ഥാന റോഡ് വികസന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നഗര റോഡ് വികസന പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി. - ആന്വിറ്റി പദ്ധതിയായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br><br>കെ.എസ്.റ്റി.പി. പദ്ധതിക്കായി ലോകബാങ്ക്, സംസ്ഥാന സർക്കാർ, മറ്റു ഫണ്ടിംഗ് ഏജൻസി വഴിയാണ് തുക കണ്ടെത്തുന്നത്.<br><br>BOT/DBFOT സ്കീമിൽ വികസിപ്പിക്കുന്ന ദേശീയ പാതകളിൽ കൺസഷണർ കമ്പനി മുതൽ മുടക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി ചെലവാക്കിയ തുക ടോൾ വഴി വസൂലാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ